# FIRST YEAR HIGHER SECONDARY EXAMINATION, 2023

# (Kasaragod Cluster CJHSS)

Part – III                                        Time : 2½ Hours

POLITICAL SCIENCE

Maximum : 80 Scores                                        Cool-off time : 15 Minutes

വിദ്യാർത്ഥികൾക്കുള്ള  പൊതു നിർദ്ദേശങ്ങൾ:

- നിർദിഷ്ട  സമയത്തിന് പുറമേ 15 മിനിറ്റ് 'കൂൾ-ഓഫ് ടൈം' ഉണ്ടായിരിക്കും
- ചോദ്യങ്ങളുമായി പരിചയപ്പെടാനും നിങ്ങളുടെ ഉത്തരങ്ങൾ ആസൂത്രണം ചെയ്യാനും 'കൂൾ-ഓഫ് ടൈം' ഉപയോഗിക്കുക.
- ഉത്തരം നൽകുന്നതിനുമുമ്പ് ചോദ്യങ്ങൾ ശ്രദ്ധാപൂർവ്വം വായിക്കുക.
- നിർദ്ദേശങ്ങൾ ശ്രദ്ധാപൂർവ്വം വായിക്കുക.
- കണക്കുകൂട്ടലുകൾ, ചിത്രങ്ങൾ, ഗ്രാഫുകൾ എന്നിവ ഉത്തരക്കടലാസിൽ തന്നെ കാണിക്കണം.

**1 മുതൽ 11 വരെയുള്ള ചോദ്യങ്ങൾക്ക്  16 മാർക്കിന്  ഉത്തരം എഴുതുക.** **(16)**

1. ഇന്ത്യൻ ഭരണഘടനയിൽ മൗലിക കർത്തവ്യങ്ങൾ കൂട്ടിച്ചേർത്തത് എത്രാം ഭേദഗതിയിലൂടെയാണ് ? 1

   എ. 44-ാം ഭേദഗതി          ബി. 42-ാം ഭേദഗതി
   സി. 86-ാം ഭേദഗതി          ഡി. 72-ാം ഭേദഗതി

2. ഭരണഘടനാ നിർമാണ സമിതിയുടെ ആദ്യത്തെ അധ്യക്ഷൻ ആര്? 1

   എ.  ഡോ. ബി.ആർ. അംബേദ്കർ          ബി.  ഡോ രാജേന്ദ്ര പ്രസാദ്
   സി.. കെ എം മുൻഷി          ഡി . ജവഹർലാൽ നെഹ്റു

3. ചേരുംപടി ചേർക്കുക

   ഇന്ത്യൻ ഭരണഘടനയുടെ കടമെടുത്ത വ്യവസ്ഥകൾ 2

| **രാജ്യം** | | **കടമെടുത്ത ആശയം** |
|---|---|---|
| a. | അമേരിക്ക | 1. കൺ കറണ്ട് പട്ടിക |
| b. | ഓസ്ട്രേലിയ | 2. മൗലികാവകാശങ്ങൾ |
| c. | കാനഡ | 3. പാർലമെന്ററി സമ്പ്രദായം |
| d. | ബ്രിട്ടൻ | 4. അവശിഷ്ട അധികാരങ്ങൾ |

4. ഫ്ലോ ചാർട്ട് പൂർത്തിയാക്കുക

   സിവിൽ സർവീസിന്റെ വർഗ്ഗീകരണം 2

| | | |
|---|---|---|
| | കേന്ദ്ര സർവീസ് | |

5. ചേരുംപടി ചേർക്കുക 4

| | |
|---|---|
| എ. തനത്  അധികാരപരിധി | 1. ഒരു നിയമം ഭരണഘടനാ വിരുദ്ധമാണെന്ന് പ്രഖ്യാപിക്കൽ |
| ബി. അപ്പീൽ അധികാരപരിധി | 2. സംസ്ഥാന സർക്കാരുകൾ തമ്മിലുള്ള തർക്കം |
| സി. റിട്ട് അധികാരപരിധി | 3. ഹൈക്കോടതിയിൽ നിന്ന് സുപ്രീം കോടതിയിലേക്ക് കേസുകൾ മാറ്റുവാനുള്ള അപേക്ഷ |
| ഡി. ജുഡീഷ്യൽ റിവ്യൂ | 4.ആർട്ടിക്കിൾ 32 |

6. പഞ്ചായത്തിരാജ് സ്ഥാപനങ്ങൾക്ക് ഭരണഘടനാ പദവി ശുപാർശ ചെയ്ത കമ്മിറ്റി? 1

   എ. ബൽവന്ത് റായ് മേത്ത കമ്മിറ്റി          ബി. അശോക് മേത്ത കമ്മിറ്റി          സി. തുംഗൻ  കമ്മിറ്റി

7. ഭരണഘടനാ നിർമ്മാണ സമിതിയിൽ ലക്ഷ്യപ്രമേയം അവതരിപ്പിച്ചത് ആരാണ്? 1

8. ചേരുംപടി ചേർക്കുക 3

   എ. സ്വാതന്ത്ര്യത്തിലേക്കുള്ള ദീർഘ നടത്തം          1. സൽമാൻ റുഷ്ദി
   ബി. വാട്ടർ          2. നെൽസൺ മണ്ടേല
   സി. സാത്താന്റെ വചനങ്ങൾ          3. ആങ് സാൻ സൂകി
             4.ദീപ മേത്ത

9. ചുവടെ കൊടുത്തിരിക്കുന്ന ആശയങ്ങൾ സമത്വത്തിന്റെ ഏത് സിദ്ധാന്തവുമായി ബന്ധപ്പെട്ടിരിക്കുന്നു? 2

എ. വ്യക്തിസ്വാതന്ത്ര്യത്തിനും മത്സരത്തിനും പ്രാധാന്യം നൽകുക: ..........................

ബി. സ്വാതന്ത്ര്യം പോലെ പ്രധാനമാണ് സമത്വവും:..........................

10. ഇന്ത്യൻ ഭരണഘടന നിലവിൽ വന്ന തീയതി ......................ആണ് ? 1

11. ഉചിതമായ കോളങ്ങളിൽ എഴുതുക 2
രാഷ്ട്രീയ പാർട്ടി രൂപീകരിക്കാനുള്ള അവകാശം, വിശ്രമിക്കാനുള്ള അവകാശം, വോട്ടവകാശം, തുല്യ ജോലിക്ക് തുല്യ വേതനം

| സാമ്പത്തിക അവകാശം | രാഷ്ട്രീയ അവകാശം |
|---|---|
| | |
| | |

**12 മുതൽ 16 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 4 എണ്ണത്തിന് ഉത്തരം നൽകുക.**
**ഓരോന്നിനും 3 മാർക്ക് വീതം** **(4 x 3 = 12)**

12. എന്തുകൊണ്ടാണ് ഇന്ത്യ കേവല ഭൂരിപക്ഷവ്യവസ്ഥ സ്വീകരിച്ചത്?
13. രാജ്യസഭയുടെ പ്രത്യേക അധികാരങ്ങൾ പട്ടികപ്പെടുത്തുക.
14. രാഷ്ട്രതന്ത്രം പഠിക്കേണ്ടതിന്റെ ആവശ്യകത ഏതെല്ലാം?
15. സമത്വത്തിന്റെ മൂന്ന് മാനങ്ങൾ എഴുതുക.
16. ഇന്ത്യൻ പൗരത്വം നേടുന്നതിനുള്ള ഏതെങ്കിലും മൂന്ന് രീതികൾ എഴുതുക.

**17 മുതൽ 21 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 4 എണ്ണത്തിന് ഉത്തരം നൽകുക.**
**ഓരോന്നിനും 4മാർക്ക് വീതം** **(4 x 4= 16)**

17. ഇന്ത്യയുടെ പ്രഥമ പൗരനാണ് രാഷ്ട്രപതി. ഇന്ത്യൻ രാഷ്ട്രപതിയുടെ അധികാരങ്ങളും പ്രവർത്തനങ്ങളും വിശദീകരിക്കുക.
18. ഇന്ത്യൻ ഭരണഘടനയെ സജീവമാക്കുന്നത് ഭരണഘടനാ ഭേദഗതിയിലൂടെയാണ്. ഇന്ത്യൻ ഭരണഘടന ഭേദഗതി ചെയ്യുന്നതിനുള്ള നടപടിക്രമം വിവരിക്കുക.
19. ഇന്ത്യൻ ഭരണഘടനയുടെ രാഷ്ട്രീയ തത്വശാസ്ത്രം വിശദീകരിക്കുക.
20. 'ഹാനി തത്വം' എന്നതിനെക്കുറിച്ച് ഒരു കുറിപ്പ് എഴുതുക.
21. ഘടനാപരമായ ഹിംസയുടെ വിവിധ രൂപങ്ങൾ പരാമർശിക്കുക.

**22 മുതൽ 26 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 4 എണ്ണത്തിന് ഉത്തരം നൽകുക.**
**ഓരോന്നിനും 5 മാർക്ക് വീതം** **(4 x 5 = 20)**

22. "നീതി വൈകുന്നത് നീതി നിഷേധിക്കുന്നതിന് തുല്യമാണ്". ഈ വാചകം നമ്മൾ എല്ലാവരും കേട്ടിട്ടുണ്ട്. നീതി എന്നതുകൊണ്ട് നിങ്ങൾ എന്താണ് ഉദ്ദേശിക്കുന്നത്? ജോൺ റോൾസിന്റെ 'നീതി സിദ്ധാന്തം' വിശദീകരിക്കുക.
23. കാലാനുസൃതമായ പരിഷ്കരണങ്ങൾ തെരഞ്ഞെടുപ്പ് സമ്പ്രദായം ശക്തമാക്കുന്നതിന് അനിവാര്യമാണ്. ഇന്ത്യൻ തിരഞ്ഞെടുപ്പ് സമ്പ്രദായം പരിഷ്കരിക്കുന്നതിനുള്ള നടപടികൾ വിവരിക്കുക
24. നിരവധി നിയമങ്ങളെക്കുറിച്ച് നമ്മൾ അറിവുള്ളവരാണ്. ചില പ്രത്യേക നടപടിക്രമങ്ങളിലൂടെയാണ് ഇന്ത്യൻ പാർലമെൻറ് നിയമങ്ങൾ നിർമിക്കുന്നത്. ഇന്ത്യൻ പാർലമെന്റിലെ നിയമനിർമ്മാണ നടപടിക്രമങ്ങൾ വിശദീകരിക്കുക.
25. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഇന്ത്യൻ ജനാധിപത്യത്തിന്റെ നെടുതൂണാണ്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഭരണഘടനാനുസൃതമായി മാറിയ 73-ാം ഭേദഗതിയുടെ പ്രധാന സവിശേഷതകൾ പട്ടികപ്പെടുത്തുക.
26. മതേതരത്വം ഇന്ത്യൻ ഭരണഘടനയുടെ അടിസ്ഥാന ഘടനയുടെ ഭാഗമാണ്. എന്നാൽ ഇന്ത്യൻ മതേതരത്വത്തിന് എതിരെ ചില വിമർശനങ്ങളും ഉണ്ട്. ഇന്ത്യൻ മതേതരത്വത്തിനെതിരെ ഉയർന്നുവന്ന പ്രധാന വിമർശനങ്ങൾ വിലയിരുത്തുക.

**27 മുതൽ 29 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 2 എണ്ണത്തിന് ഉത്തരം നൽകുക.**
**ഓരോന്നിനും 8 മാർക്ക് വീതം** **(2 x 8 = 16)**

27. നാം മൗലികാവകാശങ്ങളെക്കുറിച്ച് കേട്ടിട്ടുണ്ട്. ഇന്ത്യൻ ഭരണഘടനയിൽ ഉൾപ്പെടുത്തിയിരിക്കുന്ന മൗലികാവകാശങ്ങൾ വിശദീകരിക്കുക.
28. ഇന്ത്യൻ ഫെഡറലിസത്തിൽ ധാരാളം തർക്കമേഖലകളുണ്ട് . ഇന്ത്യയിലെ കേന്ദ്ര-സംസ്ഥാന ബന്ധങ്ങളിലെ സംഘർഷ മേഖലകൾ കണ്ടെത്തി വിശദീകരിക്കുക.
29. വിവിധ ഘടകങ്ങൾ കൂടിചേർന്നാണ് ദേശീയ ബോധം ശക്തമാകുന്നത്. ദേശീയതയെ ശക്തിപ്പെടുത്തുന്ന ഘടകങ്ങൾ വിശദീകരിക്കുക.